പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2186 — 16.08. 2017 ൽ മറുപടിക്ക്

## കെ എസ് ഇ ബി യിൽ റഗുലേറ്ററി കമ്മീഷന്റെ ഇടപെടലുകൾ

ചോദ്യം — ഉത്തരം

ഡോ.എൻ.ജയരാജ് — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ എസ് ഇ ബി യിൽ റഗുലേറ്ററി കമ്മീഷൻ ഇടപെടൽ സാധ്യമായ മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം 2003-ലെ 86-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാനുള്ള അധികാരമുണ്ട്. അതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ റെഗുലേറ്ററി കമ്മീഷനു ഇടപെടാൻ കഴിയുന്ന മേഖലകൾ താഴെ പറയുന്നവയാണ്.<br>(i) സംസ്ഥാനത്തു വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ താരിഫ് നിർണ്ണയിക്കുക.<br>(ii) വൈദ്യുതി ഉൽപ്പാദക കമ്പനികളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ വാങ്ങുന്ന വൈദ്യുതിയുടെ വിലയിൽ നിയന്ത്രണങ്ങൾ (പരിധി) ഏർപ്പെടുത്തുക.<br>(iii) കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾക്ക് മാനദണ്ഡങ്ങൾ (സമയപരിധി മുതലായവ) നിർണ്ണയിച്ച് നൽകുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കുക (standards of performance regulations).<br>(iv) കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾക്കുള്ള നടപടിക്രമങ്ങൾ (സർവ്വീസ് കണക്ഷൻ, മീറ്റർ മാറ്റി വയ്ക്കൽ, ബില്ലുകൾ നൽകൽ) സംബന്ധിക്കുന്ന ചട്ടങ്ങൾ രൂപീകരിക്കുക (Supply Code Regulations).<br>(v) കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന പുതിയ കണക്ഷനുകൾക്കും അനുബന്ധ ജോലികൾക്കും മറ്റ് സേവനങ്ങൾക്കും നൽകേണ്ടുന്ന ചാർജ്ജുകൾ അംഗീകരിച്ച് നൽകുക. (cost data approval).<br>(vi) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾക്ക് അംഗീകാരം നൽകുക (ARR & ERC Orders). |

| | |
|---|---|
| | (vii) യഥാർത്ഥ വരവു ചെലവു കണക്കുകളെ അടിസ്ഥാനപ്പെടുത്തി (ARR & ERC) ഉത്തരവിൽ ഭേദഗതികൾ വരുത്തി ട്രൂ -അപ്പ് ഉത്തരവുകൾ പുറപ്പെടുവിക്കുക.<br>(viii) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ വരവു-ചെലവിനങ്ങളിൽ (താരിഫ്, തരിഫേതര വരുമാനം, വൈദ്യുതി വാങ്ങൽ ചെലവ്, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, ആർ & എം. ചെലവുകൾ, എ & ജി ചെലവുകൾ) എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി പരിശോധന നടത്തി നിജപ്പെടുത്തുക.<br>(ix) കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്കീമുകൾ പരിശോധിച്ച് അംഗീകാരം നൽകുക.<br>(x) മെച്ചപ്പെട്ട ഉപഭോക്തൃ സേവനം മുൻനിർത്തി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഡയറക്ടീവ്സ് കൾ പാലിക്കപ്പെടുന്നുവോ എന്നുള്ള പരിശോധന നടത്തുകയും ഇല്ലാത്തപക്ഷം നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.<br>(xi) കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക. |
| (ബി) ബോർഡിന്റെ ചെലവു ചുരുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദേശങ്ങളും പഠന റിപ്പോർട്ടുകളും കമ്മീഷൻ അവതരിപ്പിച്ചിട്ടുണ്ട്; പകർപ്പു-കൾ ലഭ്യമാക്കുമോ; | (ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ ചെലവുചുരുക്കലുമായി ബന്ധപ്പെട്ട് പ്രത്യേകമായി നിർദ്ദേശങ്ങളോ പഠന റിപ്പോർട്ടുകളോ റെഗുലേറ്ററി കമ്മീഷൻ അവതരിപ്പിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ARR & ERC ഉത്തരവുകളിലൂടെയും ട്രൂ-അപ്പ് ഉത്തരവുകളിലൂടെയും കെ.എസ്.ഇ.ബി. ലിമിറ്റഡ് ന്റെ ചെലവിനങ്ങളിൽ (പ്രധാനമായും വൈദ്യുതി വാങ്ങൽ ചെലവ്, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും തുടങ്ങിയവ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നുള്ള പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. |
| (സി) കെ എസ് ഇ ബി യിൽ ഏതെങ്കിലും തസ്തികകൾ വെട്ടി-ക്കുറക്കുന്നതിനോ ഏതെങ്കിലും | (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ ഏതെങ്കിലും തസ്തികകളിൽ നിയമന |

| | |
|---|---|
| തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തുന്നതിനോ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകമോ; | നിരോധനം ഏർപ്പെടുത്തുന്നതിനോ ഉള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.<br>എന്നാൽ നിലവിലുള്ള ജീവനക്കാരുടെ ശേഷി ക്രിയാത്മകമായി അവശ്യം വേണ്ട മേഖലകളിൽ വിനിയോഗിച്ച് ആധുനിക സാങ്കേതിക വിദ്യയും കൂടി ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക്. മെച്ചപ്പെട്ട സേവനം നൽകാനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഇതുകൂടാതെ ജീവനക്കാരുടെ അധിക മാനവ ശേഷി, താരിഫേതര വരുമാനം ലഭ്യമാകത്തക്ക വിധത്തിൽ വിദഗ്ധാഭിപ്രായം നൽകുന്ന കാര്യത്തിലും (consultancy service), കരാർമേഖലയിലും ഉപയോഗപ്പെടുത്തണമെന്നുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ഡി) റെഗുലേറ്ററികമ്മീഷൻ, ബോർഡ് ജീവനക്കാരുടെ ശമ്പളം സംസ്ഥാന സർക്കാർ ജീവനക്കാരുടേതുമായി താരതമ്യം ചെയ്ത് പഠനം നടത്തിയിട്ടുണ്ടോ; എന്ത് നിഗമനത്തിലാണ് കമ്മീഷൻ എത്തിച്ചേർന്നതെന്ന് വിശദമാക്കുമോ? | (ഡി) റെഗുലേറ്ററി കമ്മീഷൻ, ബോർഡ് ജീവനക്കാരുടെ ശമ്പളവും സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെടുത്തി പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ